68 /DGE /HSE /NSS /2023

പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം,
നാഷണൽസർവ്വീസ്സ്കീം,
(ഹയർസെക്കൻററിവിഭാഗം),
ഹൗസിംഗ്ബോർഡ്ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം.
04712323023
dhsensskerala@gmail.com
തീയതി :14 /09 / 2023

# സർക്കുലർ

വിഷയം: 'സ്വച്ഛതാ ഹി സേവ' (SHS) ക്യാമ്പയിൻ - സംബന്ധിച്ച്.
സൂചന: ഡെപ്യൂട്ടി പ്രോഗ്രാം അഡ്വൈസർ - യുവജനകാര്യ കായിക മന്ത്രാലയം - എൻ.എസ്.എസ്. ഡയറക്ടറേറ്റ്- F.No. P24-1/ NSS/DTE/2023/1136- 1188 നമ്പർ കത്ത് - തീയതി -12/09/2023

സൂചന കത്ത് പ്രകാരം 'സ്വച്ഛത ഹി സേവാ' (SHS) ക്യാമ്പയിൻ 15/09/2023 മുതൽ 2/10/2023 വരെ നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി ക്യാമ്പയിനുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർത്തിട്ടുണ്ട്.

1. വിദ്യാലയ പരിസരത്തും പങ്കാളിത്ത ഗ്രാമത്തിലും എൻ.എസ്.എസ്. വോളന്റിയർമാർ 'സ്വച്ഛത' ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. 'ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്' പരിപാടിയുടെ ഭാഗമായി ഈ പ്രവർത്തനം സംഘടിപ്പിക്കാവുന്നതാണ്.
2. പൊതുജനങ്ങൾക്ക് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണവും തുണി സഞ്ചി വിതരണവും നടത്തേണ്ടതാണ്.
3. പരമ്പരാഗത ജലാശയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളും തീരദേശ ശുചീകരണ പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സംസ്ഥാന സർക്കാർ വകുപ്പുകളുമായും സഹകരിച്ച് സംഘടിപ്പിക്കേണ്ടതാണ്.
4. പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതിനെക്കുറിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെ അവബോധം നൽകേണ്ടതാണ്.
5. 120 മണിക്കൂർ റെഗുലർ ആക്ടിവിറ്റികളിൽ 'ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്' പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന 8 മണിക്കൂർ ഉൾപ്പടെ 20 മണിക്കൂറുകൾ 'സ്വച്ഛത' പ്രവർത്തനങ്ങൾക്ക് വേണ്ടി യൂണിറ്റുകൾ നീക്കി വയ്ക്കേണ്ടതാണ്.
6. വോളന്റീയർമാർ 'സ്വച്ഛത' പ്രതിജ്ഞ എടുക്കേണ്ടതാണ്.
(പ്രതിജ്ഞയുടെ പകർപ്പ് ചേർത്തിട്ടുണ്ട് - യൂണിറ്റുകൾക്ക് മലയാളത്തിൽ പരിഭാഷപ്പെടുത്തി ഉപയോഗിക്കാവുന്നതാണ് ).
7. ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, മാർക്കറ്റ് തുടങ്ങിയ പൊതു സ്ഥലങ്ങളിൽ 'സ്വച്ഛത ' ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
8. എൻ.എസ്.എസ് സപ്തദിന ക്യാമ്പ് കാലയളവിൽ വോളന്റീയർമാർ ദത്തെടുക്കപ്പെട്ട ഗ്രാമങ്ങളിൽ 'സ്വച്ഛത' ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും സ്കൂളുകൾ ജലാശയങ്ങൾ തുടങ്ങിയ പൊതു സ്ഥലങ്ങൾ വൃത്തിയാക്കുകയും തെരുവ് നാടകങ്ങൾ പോലെയുള്ള കലാരൂപങ്ങൾ പ്രചരണാർത്ഥം സംഘടിപ്പിക്കേണ്ടതുമാണ്.

ദൈനംദിന പ്രവർത്തന റിപ്പോർട്ടും പ്രവർത്തനങ്ങളുടെ ഫോട്ടോകളും എല്ലാ യൂണിറ്റും സൂക്ഷിക്കേണ്ടതാണ്. ജില്ലാ റീജിയണൽ തലത്തിൽ അതാത് റീജിയണൽ ജില്ലാ കൺവീനർമാർ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് (Hard copy & Soft copy) ഒക്ടോബർ 10 ന് മുൻപായി എൻ.എസ്.എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്/-
പ്രോഗ്രാം കോ- ഓർഡിനേറ്റർ

# SWACHHTA PLEDGE

Mahatma Gandhi dreamt of an India which was not only free but also clean and developed.

Mahatma Gandhi secured freedom for Mother India.

Now it is our duty to serve Mother India by keeping the country neat and clean.

I take this pledge that I will remain committed towards cleanliness and devote time for this.

I will devote 100 hours per year, that is two hours per week, to voluntarily work for cleanliness.

I will neither litter not let others litter.

I will initiate the quest for cleanliness with myself, my family, my locality, my village and my work place.

I believe that the countries of the world that appear clean are so because their citizens don't indulge in littering nor do they allow it to happen.

With this firm belief, I will propagate the message of Swachh Bharat Mission in villages and towns.

I will encourage 100 other persons to take this pledge which I am taking today.

I will endeavour to make them devote their 100 hours for cleanliness.

I am confident that every step I take towards cleanliness will help in making my country clean.